"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സഹകരണ വകുപ്പ് - വാർഷിക പദ്ധതി 2025-26 — സഹകരണ വകുപ്പിന് കീഴിലുള്ള വിജിലൻസ് വിഭാഗത്തിന്റെ പ്രവർത്തനങ്ങൾക്ക് വേണ്ടി ഇലക്ട്രിക് വാഹനം വാടകയ്ക്ക് എടുക്കുന്നതിനുള്ള ധനസഹായം അനുവദിയ്ക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സഹകരണ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.453/2025/Co-Op തീയതി,തിരുവനന്തപുരം, 25-10-2025

---

പരാമർശം:-

1. സഹകരണ സംഘം രജിസ്ട്രാറുടെ 03/09/2025 ലെ പി&എം എ (1)/5785/2025 നം. കത്ത്.
2. സഹകരണ സംഘം രജിസ്ട്രാറുടെ പി&എം ബി(2)5101/2025 നം. കുറിപ്പ്
3. 25/09/2025 ലെ വർക്കിംഗ് ഗ്രൂപ്പ് യോഗ തീരുമാനം.
4. ഇ. അനുമതി നം. AS/COP/25/ 47082 Subsidy

**ഉത്തരവ്**

സഹകരണ വകുപ്പിന് കീഴിലുള്ള വിജിലൻസ് വിഭാഗത്തിന്റെ പ്രവർത്തനങ്ങൾക്ക് വേണ്ടി അനെർട്ടിൽ നിന്നും ഒരു ടാറ്റാ നെക്സോൺ വാഹനം ഡ്രൈ ലീസ് വ്യവസ്ഥയിൽ വാടകയ്ക്ക് എടുക്കുന്നതിനും പ്ലാൻ ശീർഷകത്തിൽ നിന്നും ഇതിനുള്ള ചെലവ് വഹിക്കുന്നതിനും അനുമതി നൽകിയിരുന്നു. അനെർട്ട് സർക്കുലർ പ്രകാരം ഒരു വർഷത്തെ കാലാവധിയ്ക്കു ശേഷം വാഹനം തുടർന്ന് ഉപയോഗിക്കുന്നതിനായി ലീസ് കാലാവധി തീരുന്നതിന് ഒരു മാസം മുമ്പായി അടുത്ത വർഷത്തേയ്ക്കുള്ള ലീസ് തുക നൽകേണ്ടതാണെന്നും അല്ലാത്ത പക്ഷം വാഹനം തിരികെയെടുത്ത് മറ്റ് വകുപ്പുകൾക്ക് നൽകുന്നതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. നിലവിൽ ടി വാഹനം ഉപയോഗിക്കുന്നതിനുള്ള കാലാവധി 26.03.2026-ൽ അവസാനിക്കുന്നതിനാൽ പ്രസ്തുത കാലാവധിക്ക് മുൻപ് അടുത്ത വർഷത്തേയ്ക്കുള്ള വാടക തുകയായ 5,79,600/- രൂപ (ഒരു മാസത്തേയ്ക്ക് 46,000 + ആപ്ലിക്കബിൾ ജി.എസ്.റ്റി) അനെർട്ടിന് ലഭ്യമാക്കുന്നത് സംബന്ധിച്ച് സൂചന (1, 2) എന്നിവ പ്രകാരം സഹകരണസംഘം രജിസ്ട്രാർ സമർപ്പിച്ച പ്രൊപ്പോസൽ പരാമർശം (3) പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. സഹകരണ സംഘം രജിസ്ട്രാറുടെ ശിപാർശയുടെയും, 25/09/2025 ന് ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗ തീരുമാനത്തിന്റെയും അടിസ്ഥാനത്തിൽ, സഹകരണ വകുപ്പിന് കീഴിലുള്ള വിജിലൻസ് വിഭാഗത്തിന്റെ പ്രവർത്തനങ്ങൾക്ക് വേണ്ടി ഡ്രൈ ലീസ് വ്യവസ്ഥയിൽ വാടകയ്ക്ക് എടുത്തിട്ടുള്ള ടാറ്റാ നെക്സോൺ വാഹനത്തിന്റെ അടുത്ത വർഷത്തേയ്ക്കുള്ള വാടക തുക അനെർട്ടിന് ലഭ്യമാക്കുന്നതിനായി 5,79,600/- രൂപ (അഞ്ച് ലക്ഷത്തി എഴുപത്തൊമ്പതിനായിരത്തി അറുന്നൂറ് രൂപ മാത്രം) ധനസഹായം 2425-001-91-97 - സബ്സിഡി (വാഹനങ്ങളുടെ വാടക) എന്ന ശീർഷകത്തിൽ നിന്നും 2025-26 സാമ്പത്തികവർഷത്തിൽ അനുവദിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അജി ഫിലിപ്പ്
അഡിഷണൽ സെക്രട്ടറി

സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

ജില്ലാ ട്രഷറി ആഫീസർ, തിരുവനന്തപുരം.

ധനകാര്യ (അഗ്രി-സി) വകുപ്പ്

വെബ് & ന്യൂ മീഡിയ, ഓഫീസ് കോപ്പി (ബി3/211/2025)

ഉത്തരവിൻ പ്രകാരം
Signed by
Priyanka T V
Date: 28-10-2025 10:16:16

സെക്ഷൻ ഓഫീസർ

പകർപ്പ്:-

ബഹു. സഹകരണ വകുപ്പ് മന്ത്രിയുടെ പി.എസ്.

സഹകരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ.